പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4819 22.03. 2018 ൽ മറുപടിക്ക്

## അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം

ചോദ്യം

ശ്രീ.എം.സ്വരാജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള 50% ഉദ്യോഗക്കയറ്റ ക്വാട്ടയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) 238. |
| (ബി) പ്രൊമോഷൻ സംബന്ധിച്ച ബഹു.കേരള ഹൈക്കോടതിയിലെ WPC7964/2017 എന്ന കേസിലെ വിധിക്ക് നിലവിൽ സ്റ്റേ ഉത്തരവുകൾ ഉണ്ടോ; | (ബി) അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട റിട്ട് പെറ്റീഷൻ 7964/2012 എന്നതാണ്. (ചോദ്യാവലിയിൽ WPC.7964/2017 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.) 7964/2012-ന്റെ വിധിയ്ക്ക് എതിരെ സ്റ്റേ ഉത്തരവ് നിലവിലില്ല. |
| (സി) പ്രസ്തുത കോടതി വിധിയനുസരിച്ച് സീനിയറായവരെ ഒഴിവാക്കി ജൂനിയറായ ഒരു വ്യക്തിക്കുമാത്രം പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 7964/2012-ലെ ആദ്യ പെറ്റീഷണറായ ശ്രീ. സജീവ്.എസ്സ്-ന് പ്രൊമോഷൻ നൽകുവാൻ കോടതി ഉത്തരവ് നൽകിയിരുന്നു. ഇതിനെത്തുടർന്ന് ശ്രീ. സജീവ്.എസ്സ് ഗ്രഡേഷൻ ലിസ്റ്റിൽ ജൂനിയർ ആയിരുന്നു എങ്കിലും, 'പ്രൊവിഷണൽ'ആയി അസിസ്റ്റന്റ് എൻജിനീയറായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. എന്നാൽ ടിയാളുടെ സ്ഥിര നിയമനം, ബോർഡ് 7964/2012 എന്ന റിട്ട് പെറ്റീഷന്റെ വിധിയ്ക്കെതിരെ സമർപ്പിച്ചിരിക്കുന്ന 2788/2015 എന്ന റിട്ട് അപ്പീലിന്റെ വിധിയ്ക്ക് വിധേയമായിരിക്കും. |
| (ഡി) കോടതി വിധി വന്ന് മൂന്ന് വർഷമായിട്ടും ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7964/2012 എന്ന കേസിന്റെ വിധി കെ.പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളുമായി ബന്ധപ്പെട്ടതല്ല. |

സെക്ഷൻ ഓഫീസർ